പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 409 06.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡുവക സാധനങ്ങൾലേലം ചെയ്യൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡ് വക വിലപിടിപ്പുള്ള സാധനങ്ങൾ ലേലം ചെയ്യാതെ വിവിധ സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിൽ ഉപയോഗ ശൂന്യമായ സാധനങ്ങൾ കണ്ടെത്തി മതിപ്പ് വില കണക്കാക്കി സമയാസമയങ്ങളിൽ ലേലം ചെയ്യാറുണ്ട്. എങ്കിലും ലേലം ചെയ്ത് നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്ന കാലയളവിൽ സെക്ഷനുകളിൽ ഉപയോഗ ശൂന്യമായ സാധനങ്ങൾ ഉണ്ടാകാറുണ്ട്. |
| (ബി) കെട്ടിക്കിടക്കുന്ന പ്രസ്തുത സാധനങ്ങളുടെ ഏകദേശ മതിപ്പുവില കണക്കാക്കിയിട്ടുണ്ടെങ്കിൽ, എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന സാധനങ്ങളുടെ മതിപ്പ് വില ഏകദേശം 713.18 ലക്ഷം രൂപയാണ്. |
| (സി) പ്രസ്തുത സാധനങ്ങളുടെ വില നിശ്ചയിച്ച് ലേലം നടത്തുന്നതിനുള്ള അധികാരം ആരിലെല്ലാം നിക്ഷിപ്തമാക്കിയിട്ടുണ്ട്; | (സി) ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും പി.എസ്.സി. പോളുകൾ, ആർ.സി.സി പോളുകൾ, ആർ.എസ്.ജോയിസ്റ്റ്, റയിൽ പോസ്റ്റ് എന്നീ ഉപയോഗ ശൂന്യമായ സാധനങ്ങൾ വിൽക്കുന്നതിന് അതാത് ഇലക്ട്രിക്കൽ സർക്കിളുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർ അദ്ധ്യക്ഷനായ കമ്മിറ്റിയെയും മറ്റ് ഉപയോഗ ശൂന്യമായ സാധനങ്ങൾ വിൽക്കുന്നതിന് അതാത് മേഖലയിലെ ചീഫ് എൻജിനീയർ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ കൺവീനറായുള്ള കമ്മിറ്റിയെയും, ട്രാൻസ്ഫോർമർ മീറ്റർ റിപ്പയർ ഡിവിഷനുകളിലും റീജിയണൽ സ്റ്റോറുകളിലും ലഭ്യമായ സാധനങ്ങൾ വിൽക്കുന്നതിന് അതാത് ചീഫ് എൻജിനീയർമാർ അദ്ധ്യക്ഷൻമാരായ കമ്മിറ്റിയെയും ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെട്ടിക്കിടക്കുന്ന സാധനങ്ങളുടെ ലേല നടപടികൾ, അടിയന്തി രമായി പൂർത്തീകരിക്കാൻ എന്തെ ല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | റിപ്പോർട്ട് ചെയ്യപ്പെട്ട ഉപയോഗ ശൂന്യമായ എല്ലാ സാധനങ്ങളും 2013 മാർച്ച് 31-നകം ലേലം ചെയ്ത് വിൽക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.